LIBRARY ARCHIVES Kerala Legislative Assembly

പോളിടെക്നിക് കോളേജ് പ്രവേശനം

131 (4519) ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ): താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പോളിടെക്നിക് കോളേജ് പ്രവേശനത്തിന് ഏർപ്പെടുത്തിയ ഓൺലൈൻ സംവിധാനത്തിൽ അൺഎയ്ഡഡ് കോളേജുകളുടെ മാനേജ്മെന്റ് സീറ്റുകളിലേക്ക് അപേക്ഷിക്കുന്നതിനായി ഒരു കോളേജിന് നൂറ്റിയൻപത് രൂപ വീതം ഫീസ് ഏർപ്പെടുത്തിയത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഉണ്ട്.

(ബി) കോവിഡ്മൂലം സാമ്പത്തിക പ്രതിസന്ധി നേരിടുന്ന സാധാരണക്കാരായ വിദ്യാർത്ഥികൾക്ക് കൂടുതൽ പോളിടെക്നിക് സ്ഥാപനങ്ങളിലേക്ക് അപേക്ഷ സമർപ്പിക്കുന്നതിന് ഇത് വിഘാതം സൃഷ്ടിക്കുന്നതിനാൽ പ്രസ്തുത അപേക്ഷാഫീസ് സർക്കാർ കോളേജുകളുടേതിന് തുല്യമാക്കാൻ നടപടി സ്വീകരിക്കുമോ?

ഈ വർഷം മുതൽ സ്വകാര്യ പോളിടെക്നിക്ക് കോളേജുകളിലെ മാനേജ്മെന്റ് സീറ്റുകളിൽ പ്രവേശനം ലഭിക്കുന്ന എല്ലാ വിദ്യാർത്ഥികളും www.polyadmission. org എന്ന പോർട്ടൽ വഴി രജിസ്റ്റർ ചെയ്യേണ്ടതും അവരുടെ അഡ്മിഷൻ ഈ പോർട്ടൽ വഴി നല്കുന്നതും ആയിരിക്കും. ആയതിലേയ്ക്ക് സർക്കാർ സീറ്റുകളിലേയ്ക്കുള്ള അപേക്ഷാ ഫീസിന് തുല്യമായ നൂറൻപത് രൂപ (150 രൂപ) മാത്രമേ മാനേജ്മെന്റ് സീറ്റുകളിലേയ്ക്കുള്ള അപേക്ഷാ ഫീസ് ആയി നിശ്ചയിച്ചിട്ടുള്ളൂ.

(സി) വിദ്യാർത്ഥികൾക്ക് താല്പര്യമുള്ള മാനേജ്മെന്റ് സ്ഥാപനങ്ങളിൽ നേരിട്ട് പ്രവേശനം നേടുന്നതിനുള്ള സാഹചര്യം ഒരുക്കുമോ; അറിയിക്കുമോ?

ഒരുക്കിയിട്ടുണ്ട്. www.polyadmission.org എന്ന അഡ്മിഷൻ പോർട്ടലിൽ സ്വീകരിക്കുന്ന മാനേജ്മെന്റ് അപേക്ഷാ വിവരങ്ങൾ അതത് സ്വകാര്യ സ്വാശ്രയ പോളിടെക്നിക്ക് കോളേജുകൾക്ക് നല്കി, മുൻ വർഷങ്ങളിലെ പോലെ ഈ വർഷവും മാനേജ്മെന്റ് തന്നെയാണ് പ്രവേശന നടപടികൾ പൂർത്തിയാക്കുന്നത്.

നെയ്യാറ്റിൻകര പോളിടെക്നിക്കിലെ തൊഴിൽ അധിഷ്ഠിത കോഴ്സുകൾ

132 (4520) ശ്രീ. കെ. ആൻസലൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെയ്യാറ്റിൻകര ഗവൺമെന്റ് പോളിടെക്നിക് കോളേജിൽ അനുവദിച്ചിരുന്ന ആറ് മാസത്തെ തൊഴിൽ അധിഷ്ഠിത കോഴ്സുകൾ നിർത്തലാക്കിയതിന്റെ കാരണം വിശദമാക്കാമോ;

&

(ബി) സംസ്ഥാനത്തെ എല്ലാ പോളിടെക്നിക് കോളേജുകളിലും ഇത്തരം കോഴ്സുകൾ നിർത്തലാക്കിയിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ?

(എ&ബി) കേരളത്തിലെ 31 പോളിടെക്നിക്കുകളിൽ 17 ലക്ഷം രൂപ വീതം ആകെ 527 ലക്ഷം രൂപയാണ്, കമ്മ്യൂണിറ്റി ഡെവലപ്മെന്റ് ഫണ്ട് പോളിടെക്നിക് പദ്ധതിയുടെ (CDTP) നടത്തിപ്പിനായി കേന്ദ്ര നൈപുണ്യ വികസന മന്ത്രാലയം ഓരോ സാമ്പത്തിക വർഷവും വകയിരുത്തിവന്നിരുന്നത്. ആയതിൽ 2017-18 സാമ്പത്തിക വർഷത്തിൽ 276 ലക്ഷം രൂപ മാത്രമാണ് സംസ്ഥാനത്തെ 25 പോളിടെക്നിക് കോളജുകൾക്ക് ലഭിച്ചത് നെയ്യാറ്റിൻകര സർക്കാർ പോളിടെക്നിക് കോളേജുൾപ്പെടെ ബാക്കിയുള്ള സ്ഥാപനങ്ങൾക്ക് ലഭിക്കേണ്ട 251 ലക്ഷം രൂപ ലഭിക്കുന്നതിന് ആവശ്യമായ അപേക്ഷയും വിനിയോഗ സർട്ടിഫിക്കറ്റും നൈപുണ്യ മന്ത്രാലയത്തിന് സമർപ്പിച്ചിട്ടുണ്ടെങ്കിലും നാളിതുവരെയായി ടി തുകയും അനുവദിക്കപ്പെട്ടിട്ടില്ല. 2018-19 സാമ്പത്തിക വർഷത്തിലേയ്ക്ക് വേണ്ടിയിരുന്ന തുക ലഭിക്കുന്നതിന് ആവശ്യമായ രേഖകളും നൈപുണ്യ മന്ത്രാലയത്തിന് സമർപ്പിച്ചിട്ടുണ്ടെങ്കിലും ആയതും നാളിതുവരെയായി ലഭ്യമായിട്ടില്ല. ഈ സാഹചര്യത്തിലാണ് നെയ്യാറ്റിൻകര സർക്കാർ പോളിടെക്നിക് കോളേജുൾപ്പെടെയുള്ള സ്ഥാപനങ്ങളിൽ CDTP കോഴ്സുകൾ നിർത്തിവയ്ക്കേണ്ടിവന്നത്. നെയ്യാറ്റിൻകര സർക്കാർ പോളിടെക്നിക് ഉൾപ്പെടെയുള്ള 31 സ്ഥാപനങ്ങളിലും തുക അനുവദിച്ച് ലഭ്യമായ ശേഷം മാത്രമെ വീണ്ടും കോഴ്സുകൾ ആരംഭിക്കുന്ന കാര്യം പരിഗണിക്കാൻ സാധിക്കുകയുള്ളൂ.

കുറ്റിപ്പുറത്ത് പോളിടെക്നിക് കോളേജ് ആരംഭിക്കാൻ നടപടി

133 (4521) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: താഴെ കാണുന്ന ചോദ്യത്തിന് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കോട്ടക്കൽ നിയോജകമണ്ഡലത്തിലെ കുറ്റിപ്പുറം ടെക്നിക്കൽ സ്കൂൾ പരിസരത്ത് ഒരു പോളിടെക്നിക് കോളേജ് ആരംഭിക്കുന്നത് സംബന്ധിച്ച് പഠനം നടത്തുവാൻ ചുമതലപ്പെടുത്തിയ ഉദ്യോഗസ്ഥൻ റിപ്പോർട്ട് ലഭ്യമാക്കിയിട്ടുണ്ടോ; വിശദമാക്കുമോ?

കുറ്റിപ്പുറം ടെക്നിക്കൽ ഹൈസ്കൂളിനോട് ചേർന്ന് പോളിടെക്നിക് ആരംഭിക്കുന്നതിനാവശ്യമായ വിശദമായ പ്രൊപ്പോസൽ സാങ്കേതിക വിദ്യാഭ്യാസ വകുപ്പ് ഡയറക്ടർ സർക്കാരിൽ സമർപ്പിച്ചിട്ടുണ്ട്. ഏകദേശം 6 കോടി രൂപയുടെ ചെലവാണ് പ്രതീക്ഷിക്കുന്നത്. നാല് കോഴ്സുകൾ ആരംഭിക്കുന്നതിനുള്ള ശിപാർശയാണ് നൽകിയിട്ടുള്ളത് എന്നാൽ പ്രോപ്പോസലിൽ ഉൾപ്പെടുത്തിയിട്ടുള്ള പാരമ്പര്യ കോഴ്സുകൾക്ക് പകരം എ.ഐ.സി.ടി.ഇ. നിബന്ധനപ്രകാരമുള്ള പുതുകോഴ്സുകൾ തെരഞ്ഞെടുക്കുന്നതിന് സാങ്കേതിക വിദ്യാഭ്യാസ വകുപ്പ് ഡയറക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly